National Informatics Centre * Kavaratti, Lakshadweep
1244
05/03/2012

# ലക്ഷദ്വീപ് സംസ്ഥാന ഹജ്ജ് കമ്മിറ്റി
# സെക്രട്ടേറിയേറ്റ് കവരത്തി

ഫോൺ 04896-262321 ഫാക്സ് 04896-263137.

**FNo. 22/01/2012-Genl.** തിയ്യതി 03.03.2012.

## ഹജ്ജിന് 2012 അപേക്ഷിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ

1. അപേക്ഷാഫോറം (രണ്ട്കോപ്പി) വ്യക്തമായി പൂർണ്ണമായും, ഇംഗ്ലീഷിൽ വലിയ അക്ഷത്തിൽ പാസ്പോർട്ടിൽ രേഖപ്പെടുത്തിയത് പോലെ അതാത് കോളത്തിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം www.hajcommittee.com എന്ന വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്തും (ലീഗൽ സൈസ്) ഉപയോഗിക്കാവുന്നതാണ്. പിൻ കോഡോടുകൂടിയ പൂർണ്ണ മേൽവിലാസം മൊബൈൽനമ്പ്ര് ഉൾപ്പെടെ ചേർത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അപേക്ഷാഫോറം പൂരിപ്പിക്കുന്നിന് മുൻപായി അപേക്ഷയോടൊപ്പമുള്ള നിർദ്ദേശങ്ങൾ വായിച്ച് ബോധ്യപ്പെടേണ്ടതാണ്. ഓരോ അപേക്ഷയിലേയും നിശ്ചിത സ്ഥലങ്ങളിൽ ഒപ്പിട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ഒരു അപേക്ഷാ സെറ്റിൽ മൂന്നുപേർക്കുവരെ അപേക്ഷിക്കാവുന്നതാണ്. ഒരു കവറിൽ മൂന്നിലധികം പേരുണ്ടെങ്കിൽ രണ്ട് സെറ്റ് ഫോറം ഉപയോഗിക്കേണ്ടതാണ്. കുടുംബ ബന്ധമുള്ള പരമാവധി അഞ്ച്പേർക്ക് ഒരു കവറിൽ അപേക്ഷിക്കാവുന്നതാണ് കവർ ലീഡർ പുരുഷനായിരിക്കണം. കവറിലുൾപ്പെട്ട അപേക്ഷകരുടെ പണമിടപാടിൻെറ ചുമതല കവർ ലീഡർക്കുള്ളതാണ്. സ്ത്രീകൾ അനുവദനീയമായ പുരുഷൻെറ (മെഹറം) കൂടെയല്ലാതെ അപേക്ഷ സമർപ്പിക്കാൻ പാടില്ല. ഒരിക്കൽ സമർപ്പിച്ച അപേക്ഷയോടൊപ്പം മറ്റൊരാളെ ചേർക്കുവാനോ ഒരു കവറിൽനിന്ന് മറ്റൊരു കവറിലേക്ക് മാറ്റുവാനോ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. ഒരു കവറിൽ രണ്ട് വയസ്സ് തികയാത്ത (ഇൻഫൻറ്)രണ്ട് കുട്ടികളെ ഉൾപ്പെടുത്താവുന്നതാണ്. (ഇൻഫൻറ് = 30.11.2012 നുള്ളിൽ രണ്ട് വയസ്സ് തികയാത്ത കുട്ടി).

3. **താഴെ പറയുന്ന വ്യക്തികൾക്ക് ഹജ്ജ് 2012 ന് അപേക്ഷിക്കുവാൻ പാടില്ല.**

   (a) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ (2007-2011) ഹജ്ജ് ചെയ്തവർ. (ബദൽ ഹജ്ജ് ആയാലും മെഹറമായിട്ടായാലും ഇത് ബാധകമാണ്).

APZ
In website
05/03/2012

DIRECTOR (GENERAL ADMN. & PROTOCOL) KAVARATTI * UT of LAKSHADWEEP *

(b)ടിബി, എയിഡ്സ്, മറ്റു സാംക്രമിക രോഗങ്ങളുള്ളവർ, അംഗവൈകല്യം ബുദ്ധിമാന്ദ്യം തുടങ്ങിയ ശാരീരിക പ്രശ്നങ്ങളുള്ളവർ (സത്യാവസ്ഥ മറച്ചുവെച്ച് ഹജ്ജിന് അപേക്ഷിക്കുന്നവരുടെ അടച്ച തുക കണ്ടുകെട്ടുന്നതും നിയമനടപടി സ്വീകരിക്കുന്നതുമാണ്)

4. അപേക്ഷകൾ അതാത് ദ്വീപിലെ ഡെപ്യൂട്ടി കലക്റ്റർ/സബ് ഡിവിഷനൽ ഓഫീസർമുഖേനയോ കവരത്തിയിലുള്ള ഹജ്ജ് കമ്മിറ്റി ഓഫീസിൽ നേരിട്ടോ നൽകേണ്ടതാണ്. അപേക്ഷ നൽകുവാനുള്ള അവസാന തിയ്യതി അതാത് ദ്വീപുകളിലുള്ള DC/SDO മാർ നിശ്ചയിക്കുന്നതും, ഹജ്ജ് കമ്മിറ്റി ഓഫീസിൽ നേരിട്ട് നൽകുവാനുള്ള അവസാന തിയ്യതി 10.04.2012 ഉം ആയിരിക്കും.

5 ഒന്നിലധികം ദ്വീപുകളിൽനിന്നോ അല്ലെങ്കിൽ ഒരേ ദ്വീപിൽനിന്ന് ഒന്നിലധികം തവണയോ അപ്ലിക്കേഷൻ സമർപ്പിക്കുകയാണെങ്കിൽ അവരുടെ മുഴുവൻ അപ്ലിക്കേഷനും നിരസിക്കുന്നതും നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

6. അപേക്ഷയുടെ രണ്ട് കോപ്പിയിലും അപേക്ഷകൻെറ ഏറ്റവും പുതിയ 3.5cm X 3.5cm വലുപ്പത്തിലുള്ള വെളുത്ത പ്രതലത്തോടു (വൈറ്റ് ബേക്ക് ഗ്രൗണ്ട്)കൂടിയ കളർ പാസ്പോർട്ട് ഫോട്ടോ പതിക്കേണ്ടതാണ്.

7. റിസർവ്ഡ് കാറ്റഗറി:

(A) 29.02.2012 ന് 70 (എഴുപത്) വയസ്സ് പൂർത്തിയായവരെ, ആവശ്യമെങ്കിൽ ഒരു സഹായിയുൾപ്പെടെ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിസർവഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതാണ്.

(a) 70 വയസ് തികഞ്ഞവരും സഹായിയും ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്തിട്ടുണ്ടായിരിക്കാൻ പാടില്ല.

(b) സഹായിയായി ഉൾപ്പെടുത്തുന്ന വ്യക്തി ഭര്യ/ഭർത്താവ്, മകൻ/മകൾ, മരുമകൻ/മരുമകൾ, സഹോദരി/സഹോദരൻ എന്നിവരിൽ ആരെങ്കിലുമായിരിക്കണം.

(c) 70 വയസ്സ് തികഞ്ഞ വ്യക്തി യാത്ര റദ്ദ് ചെയ്യുകയാണെങ്കിൽ സഹായിയുടെ യാത്രയും റദ്ദാകുന്നതാണ്.

(d) മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട മാത്രകയിലുള്ള അഫിടവിറ്റ് 10 രൂപയുടെ സ്റ്റാംപ് പേപ്പറിൽ സമർപ്പിക്കേണ്ടതാണ്.

DIRECTOR (GENERAL ADMN. & PROTOCOL) KAVARATTI UT of LAKSHADWEEP

(B) 2009 മുതൽ തുടർച്ചയായി അപേക്ഷിക്കുകയും തെരഞ്ഞെടുക്കപ്പെടാതിരിക്കയും ചെയ്യവർ ഈ വർഷവും ഹജ്ജിന് അപേക്ഷിക്കുകയാണെങ്കിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിസർവഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതാണ്.

(a) ഒരു കവറിൽ അപേക്ഷിക്കുന്ന മുഴുവൻ ആളുകളും 2009 മുതൽ തുടർച്ചയായി അപേക്ഷിച്ച് സെലക്ഷൻ കിട്ടാത്തവരും ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്യാത്തവരുമായിരിക്കണം.

(b) ഓരോ അപേക്ഷകൻെറയും അപേക്ഷയുടെ നിശ്ചിത കോളത്തിൽ മുൻ വർഷങ്ങളിലെ കവർ നമ്പറുകൾ വ്യക്തമായി എഴുതിയിരിക്കണം.

(c) കവർ നമ്പ്ര് തെറ്റായി എഴുതുകയോ, മൂന്ന് വർഷവും അപേക്ഷിക്കാത്തവരെ കവറിൽ ഉൾപ്പെടുത്തുകയോ ചെയ്യാൽ അറിയിപ്പൊന്നും കൂടാതെ തന്നെ അവരെ ജനറൽ കാറ്റഗറിയിലേക്ക് മാറ്റുന്നതാണ്.

(d) മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട മാത്രകയിലുള്ള അഫിടവിറ്റ് 10 രൂപയുടെ സ്റ്റാംപ് പേപ്പറിൽ സമർപ്പിക്കേണ്ടതാണ്.

(e) മുൻ വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെടുകയും എന്നാൽ ഏതെങ്കിലും കാരണത്താൽ യാത്ര റദ്ദാക്കുകായും ചെയ്യവർക്ക് റിസർവേഷൻ ആനുകൂല്യം ലഭിക്കുന്നതല്ല.

8. **നറുക്കെടുപ്പ്** : റിസർവ് കാറ്റഗറിയിലെ ആളുകൾക്ക് നറുക്കെടുപ്പ് കൂടാതെ ഹജ്ജിന് അനുമതി നൽകുന്നതും ബാക്കി സീറ്റിലേക്ക് ജനറൽകാറ്റഗറിയിലെ അപേക്ഷകരെ പരിഗണിക്കുന്നതുമാണ്. റിസർവ് കാറ്റഗറിയിലെ അപേക്ഷകരുടെ എണ്ണം ലക്ഷദ്വീപിന് അനുവദിച്ച ക്വാട്ടയേക്കാൾ കൂടുതലാണെങ്കിൽ റിസർവ് A (70 വയസ്) കാറ്റഗറിയിലെ അപേക്ഷകർക്ക് നറുക്കെറ്റുപ്പില്ലാതെ അനുമതി നൽകുന്നതും ശേഷിച്ച സീറ്റിലേക്ക് B (നാലാം പ്രവശ്യം) കാറ്റഗറിയിലെ അപേക്ഷകരെ നറുക്കെടുപ്പിലൂടെ പരിഗണിക്കുന്നതുമാണ്. റിസർവ് കാറ്റഗറിയിൽ ശേഷിച്ചവരെ റിസർവ് വെയ്റ്റിംഗ് ലിസ്റ്റിലും ജനറൽ കാറ്റഗറിയിലുള്ളവരെ ജനറൽ വെയ്റ്റിംഗ് ലിസറ്റിലും ഉൾപ്പെടുത്തുന്നതുമാണ്.

9. താമസസൗകര്യത്തിന് ഗ്രീൻ, അസീസിയ എന്നീ കാറ്റഗറിയിൽ ഏതെങ്കിലും ഒന്ന് അടയാളപ്പെടുത്തേണ്ടതാണ്. ഒരു കോളവും അടയാളപ്പെടുത്തിയില്ലെങ്കിൽ അവർ അസീസിയ കാറ്റഗറി തെരഞ്ഞെടുത്തതായി കണക്കാക്കുന്നതാണ്.

10. മെഡിക്കൽ സ്ക്രീനിങ്ങ് ആൻറ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർ പൂർണ്ണമായും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

DIRECTOR (GENERAL ADMN. & PROTOCOL) KAVARATTI UT of LAKSHADWEEP

11. പണമടക്കൽ: കവരത്തി, മിനിക്കോയ് ദ്വീപിൽനിന്നുള്ള അപേക്ഷകർ അപേക്ഷാഫോമിനൊപ്പമുള്ള പേ-ഇൻ-സ്ലിപ് ഫോം ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ **32175017712** എന്ന അക്കൗണ്ടിൽ ഒരാൾക്ക് 200 രൂപ വീതം അടച്ച് മൂന്നിൽ ഒരു കോപ്പി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മറ്റ് ദ്വീപുകളിൽനിന്നുള്ളവർ സിൻഡിക്കേറ്റ് ബാങ്കിലെ ലക്ഷദ്വീപ് ഹജ്ജ് കമ്മിറ്റിയുടെ എകൗണ്ട് നമ്പ്ര് **99502010003244** ലേക്ക് അതാത് ദ്വീപുകളിലുള്ള സിൻഡിക്കേറ്റ് ബാങ്ക് മുഖേന പണം നിക്ഷേപിക്കുകയും കൗണ്ടർ ഫോയിലിൻെറ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഒരു കവറിൽ ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുഴുവൻപേരുടേയും തുക ഒന്നിച്ചടക്കേണ്ടതാണ്. ഡിമാൻറ് ഡ്രഫ്റ്റോ പണമോ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

12 താഴെ പറയുന്നവ അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

(a) കവറിലുള്ള എല്ലാ അപേക്ഷകരുടെയും 31.03.2013 വരെ കാലാവധിയുള്ള പാസ്പോർട്ടിൻെറ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.

(b) മേല്വിലാസം പാസ്പോർട്ടിൽനിന്ന് വ്യത്യസ്തമാണെങ്കിൽ അഡ്രസ് പ്രൂഫ് (റേഷൻ കാർഡ്/ ഇലക്ഷൻ ഐഡെൻറിറ്റി കാർഡ് / ഡ്രൈവിങ്ങ് ലൈസൻസ് /ഇലക്ട്രിസിറ്റി ബിൽ/ ലാൻറ് ലൈൻ ഫോൺ ബിൽ ഇവയിൽ ഏതെങ്കിലുമൊന്നിൻെറ കോപ്പി ).

(c) അപേക്ഷകന് എകൗണ്ടുള്ള ബാങ്കുമായി ചെക്ക്സിസ്റ്റം മെയിൻെറൻ ചെയ്യുന്നുണ്ടെങ്കിൽ, ക്യാൻസൽചെയ്ത ചെക്കോ, ചെക്കിൻെറ ഫോട്ടോ കോപ്പിയോ സമർപ്പിക്കുന്നത് നന്നായിരിക്കും.

13. അപേക്ഷയുടെ ഫോട്ടോകോപ്പിയെടുത്ത് അപേക്ഷകരുടെ കയ്യിൽ സൂക്ഷിക്കേണ്ടതാണ്. സ്വീകാര്യമായ അപേക്ഷകൾക്ക് കവർ നമ്പർ നൽകി മുഖ്യ അപേക്ഷകനെ അറിയിക്കുന്നതാണ്. 30.04.2012 നുള്ളിൽ കവർ നമ്പർ ലഭിച്ചില്ലെങ്കിൽ ലക്ഷദ്വീപ് ഹജ്ജ് കമ്മിറ്റി ഓഫീസുമായി 10.05.2012 -നുമുമ്പായി ബന്ധപ്പെടേണ്ടതാണ് (ഫോൺ-04896-262321).

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഓഫീസർ**

**ലക്ഷദ്വീപ് സംസ്ഥാന ഹജ്ജ് കമ്മിറ്റി.**

Copy to all DCs/SDOs in islands with request to get awareness amoung applicants.

Copy to the Technical Director, NIC, Kavaratti with request to upload in website.

Copy to the Chairman (LSHC) through DC Agatti.

DIRECTOR (GENERAL ADMN. & PROTOCOL) KAVARATTI * UT of LAKSHADWEEP *